കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
കേരള സർക്കാർ സാംസ്കാരിക വകുപ്പ്
Kerala State Institute of Children's Literature
Govt. of Kerala Cultural Affairs Department
www.ksicl.org

സംസ്കൃതകോളേജ് കാമ്പസ്, പാളയം, തിരുവനന്തപുരം, കേരളം-695 034 ഫോൺ & ഫാക്സ് 0471-2328549, ഇ-മെയിൽ: director@ksicl.org
Sanskrit College Campus, Palayam, Thiruvananthapuram, Kerala-695034, Phone/Fax:0471-2328549, email:director@ksicl.org, office@ksicl.org

No. 905/B/2026/CL

Date 30-10.2026

പ്രസിദ്ധീകരണത്തിന്

കേരളം സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബാലസാഹിത്യ പുരസ്കാരങ്ങൾക്ക് കൃതികൾ ക്ഷണിക്കുന്നു.

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2026 വർഷത്തെ ബാലസാഹിത്യ പുരസ്കാരങ്ങൾക്ക് കൃതികൾ ക്ഷണിക്കുന്നു. 2023, 2024, 2025 വർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച മികച്ച ബാലസാഹിത്യ കൃതികൾക്കാണ് പുരസ്കാരം നൽകുന്നത്. 20,000/- രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. കഥ/നോവൽ, കവിത, നാടകം, ശാസ്ത്രം, വൈജ്ഞാനികം (ശാസ്ത്രം ഒഴികെ), വിവർത്തനം/പുനരാഖ്യാനം, ജീവചരിത്രം/ആത്മകഥ, ചിത്രീകരണം, ചിത്രപുസ്തകം, പ്രൊഡക്ഷൻ എന്നിങ്ങനെ 10 വിഭാഗങ്ങളിലാണ് പുരസ്കാരം ഏർപ്പെടുത്തിയിട്ടുള്ളത്. മുൻവർഷങ്ങളിൽ പുരസ്കാരം ലഭിച്ച എഴുത്തുകാരുടെ കൃതികൾ അതേ വിഭാഗത്തിൽ വീണ്ടും പരിഗണിക്കുന്നതല്ല. അവർക്ക് മറ്റ് വിഭാഗങ്ങളിലേക്ക് കൃതികൾ അയയ്ക്കാവുന്നതാണ്. എഴുത്തുകാർക്കും പ്രസാധകർക്കും പുരസ്കാരത്തിനായി പുസ്തകങ്ങൾ അയയ്ക്കാവുന്നതാണ്.

പരിഷ്കരിച്ച പതിപ്പുകൾ അവാർഡിന് പരിഗണിക്കുന്നതല്ല. പുസ്തകത്തിന്റെ 4 പ്രതി വീതം ഡയറക്ടർ, കേരളം സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്കൃത കോളേജ് കാമ്പസ്, പാളയം, തിരുവനന്തപുരം- 34 (Mobile No. 8547971483) എന്ന വിലാസത്തിൽ 2026 നവംബർ 30 ന് മുമ്പായി ലഭിക്കേണ്ടതാണ്.

ഡയറക്ടർ-ഇൻ-ചാർജ്